# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുപ്പൈനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി1-064/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/02/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുപ്പൈനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-064/2022 തീയ്യതി: 01/02/2022

## വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി.പി.കെ | ഡെപ്യൂട്ടി ഡയരക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2021 | 04-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രശാന്ത്.കെ.വി, ഓഡിറ്റ് ഓഫീസർ.
നവാസ്.കെ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
റ്റിജി വർഗ്ഗീസ്,ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ആർ.യമുന | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രാമചന്ദ്രൻ.കെ | സെക്രട്ടറി | 01-04-2019 | 30-04-2019 |
| ജയസുധ കെ.എ | സെക്രട്ടറി | 01-05-2019 | 11-07-2019 |
| ഹേമലത എം.ആർ | സെക്രട്ടറി | 12-07-2019 | 29-07-2019 |
| ബാബു ജെ.ഡി | സെക്രട്ടറി | 29-07-2019 | 16-12-2019 |
| ഷോബി കെ.ബി | സെക്രട്ടറി | 16-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ജെയിംസ് കെ.ആർ | അസി.സെക്രട്ടറി | 01-04-2019 | 24-04-2019 |
| ജയസുധ.കെ.എ | അസി.സെക്രട്ടറി | 25-04-2019 | 31-03-2020 |
| ഡോ.ഫെസിൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.വിജയരാഘവൻ ബൈജു | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| മറിയുമ്മ.എം.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സജിത്കുമാർ.കെ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ഉഷ പി.ആർ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.ഹരിശങ്കർ | മെഡിക്കൽഓഫീസർ (ആയുർവേദം) | 01-04-2019 | 14-10-2019 |
| ഡോ.വിനേഷ് | മെഡിക്കൽഓഫീസർ (ആയുർവേദം) | 15-10-2019 | 31-03-2020 |
| മനുരാജ് | അസി .എഞ്ചിനീയർ | 01-04-2019 | 29-08-2019 |
| ഷാജഹാൻ | അസി .എഞ്ചിനീയർ | 30-08-2019 | 07-12-2019 |
| മനുരാജ് | അസി .എഞ്ചിനീയർ | 09-12-2019 | 11-02-2020 |
| ടോണി സി.എൽ | അസി .എഞ്ചിനീയർ | 12-02-2020 | 31-03-2020 |
| ഉദയ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-08-2019 |
| ഭാഗ്യലക്ഷ്മി | ഐ സി ഡി എസ് | 02-09-2019 | 04-12-2019 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| സുമിത എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 05-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Tiji Varghese (Auditor, On 20-12-2021)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Tiji Varghese (Auditor, On 20-12-2021)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Tiji Varghese (Auditor, On 20-12-2021)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Tiji Varghese (Auditor, On 20-12-2021)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Tiji Varghese (Auditor, On 20-12-2021)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Tiji Varghese (Auditor, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-11 |
| 12 | കംഫർട്ട് സ്റ്റേഷൻ-ഡി റ്റി പി സിസ്റ്റ് സ്ഥലം വിട്ടു കൊടുത്തതിന്റെ രേഖകളും കരാറും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-12 |
| 13 | തൊഴിൽ നികുതിയിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവ് വന്നു.<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-13 |
| 14 | കംഫർട്ട് സ്റ്റേഷൻ ലേലത്തുകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുത്തിട്ടില്ല.<br>Written By: Tiji Varghese (Auditor, On 06-01-2022) | 1-14 |

| | | |
|---|---|---|
| | Last Updated By: Unni P.K (Deputy Director, On 19-01-2022) | |
| 15 | ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്ത നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-15 |
| 16 | ഐ സി ഡി എസ് സൂപ്പർവൈസർ കപ്ലേഷൻ കൂടാതെ വാഹനം വാടകയ്ക്കെടുത്തു<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-16 |
| 17 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ സ്ത്രീപദവി പഠനം പദ്ധതി ലക്ഷ്യം കണ്ടില്ല<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 1-17 |
| 18 | തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-18 |
| 19 | പെൺകുട്ടികൾക്ക് കായിക പരിശീലനം- കായികക്ഷമതാ റിപ്പോർട്ടും തുടർനടപടികളുമില്ല.<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-19 |
| 20 | സംയുക്തപരിശോധനയില്ലാതെ പൊതുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നു<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-20 |
| 21 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 05-01-2022)<br>Last Updated By: Prasanth C V (Audit Officer, On 22-01-2022) | 1-21 |
| 22 | EMD രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 06-01-2022)<br>Last Updated By: Prasanth C V (Audit Officer, On 22-01-2022) | 1-22 |
| 23 | പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കാതെ വാങ്ങലുകൾ നടത്തി<br>Written By: K.M.Navaz (Asst. Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-23 |
| 24 | അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-24 |
| 25 | വിനിയോഗവിവരങ്ങൾ ലഭ്യമല്ല<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-25 |
| 26 | യാത്രാമുൻകൂർ ക്രമീകരിച്ചതായി കാണുന്നില്ല.<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Prasanth C V (Audit Officer, On 22-01-2022) | 1-26 |
| | ഭാഗം **2** | |
| 1 | കംഫർട്ട് സ്റ്റേഷൻ ലേലത്തുകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുത്തിട്ടില്ല.<br>Written By: Tiji Varghese (Auditor, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 2-1 |

| ഭാഗം **3** | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Prasanth C V (Audit Officer, On 21-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 19-01-2022) | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

26.02.2019തീയതിയിലെ 1/2019 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 2093737 |
| വരവ് | 293809330 |
| ആകെ | 295903067 |
| ചെലവ് | 293682373 |
| നീക്കിബാക്കി | 2220694 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

മൂപ്പൈനാട്ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 20/02/2019 തിയ്യതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും ഭരണ സമിതിയുടെ 26/02/2019 തിയ്യതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 27.03.20 തിയ്യതിയിലെ ഒന്നാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ വരവുചെലവുകളെ പ്രതിഫലിപ്പിക്കുന്നില്ല. മൂപ്പൈനാട്ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ,പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ രേഖകളിൽ കാണുന്നില്ല.സാമ്പത്തികവൃഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

സെക്രട്ടറി,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച്, ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല (കേ.പ.രാ.നിയമം വകുപ്പ് 214(1)).ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെയല്ല തയ്യാറാക്കിയിട്ടുള്ളത്.അപാകതകൾ ചുവടെ കൊടുക്കുന്നു.

A)മുൻകൂട്ടി കണക്കുകൂട്ടാൻ കഴിയുന്ന പല ഇനങ്ങളിൽ നിന്നുമുള്ള വരുമാനം പെരുപ്പിച്ചാണ് കാണിച്ചിരിക്കുന്നത്.ഉദാ.

| അകൗണ്ട് കോഡ് | ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| 171100101 | ബാങ്ക് പലിശ | 6,08,470/- | 10,75,000 |

കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും ചട്ടം 214 1 (3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനത്തോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണവും ഉണ്ടാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വരവുകളുടെ ബജറ്റ് തയ്യാറാക്കിയ വേളയിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ലായെന്ന കാണുന്നു.

B)ബജറ്റിൽ വകയിരുത്താത്ത ഇനത്തിന് ചെലവഴിച്ചു -

| അകൗണ്ട് കോഡ് | ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|---|
| 210500101 | ഇ പി എഫ് കോൺട്രിബ്യൂഷൻ | 265,069/- | ഇല്ല |
| 230800110 | സാനിറ്റേഷൻ ചിലവുകൾ | 40,825/- | ഇല്ല |

C)ബജറ്റിൽ വകയിരുത്തിയതിലും കൂടുതലായി ചെലവഴിച്ചു -

| അകൗണ്ട് കോഡ് | ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|---|
| 220210101 | പ്രിന്റിംഗ് | 2,28,039/- | 1,75,000/- |
| 222210102 | സ്റ്റേഷനറി | | |
| 220400101 | വാഹന ഇൻഷുറൻസ് | 43,959/- | 30,000/- |
| 220400102 | വാഹന രജിസ്റ്റ്രേഷൻ | | |
| 230400101 | ഹയർ ചാർജ്ജസ് | 50,388/- | 30,000/- |
| 230400102 | | | |
| 230400103 | | | |

ചിലയിനങ്ങളിലുള്ള ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ വളരെയധികം അധികരിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 4 പ്രകാരം എല്ലാ നിശ്ചിത ചാർജ്ജുകൾക്കും കടങ്ങൾ കൊടുത്തു തീർക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ അതിൽ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ബജറ്റിൽ ബാങ്ക് ചാർജ്ജസ് ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി രേഖകളിൽ കാണുന്നില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 09/09/2020 | | |

വാർഷിക കണക്ക് 31/07/2020 ന് മുൻപ് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ 09/09/2020 തിയ്യതിയിലാണ് കണക്കുകൾ സമർപ്പിച്ചത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31625955 |
| വരവ് | 100895345 |
| ആകെ | 132521300 |
| ചെലവ് | 101639107 |
| നീക്കിയിരിപ്പ് | 30882193 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി. ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 15573504 | 15573504 | 14124054 | 1449450 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 4449588 | 4449588 | 2946124 | 1503464 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 4257294 | 4257294 | 1995798 | 2261496 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 4134000 | 4134000 | 1843000 | 2291000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5200000 | 5200000 | 2662930 | 2537070 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 13870419 | 13870419 | 2802963 | 11067456 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - |
| ബി ഫണ്ട് | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9264857 | 12336494 | 21601351 | 4123438 | 17477913 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2019-20

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 144682415 | 119 | 83289217 | 30 | 66 | 57.5 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | 18 | 14 | 10513124 | 9843174 | 93.6 |
| | 117 | 49 | 54408651 | 7676529 | 14.1 |
| | 13 | 11 | 6481800 | 3721728 | 57.4 |
| | 6 | 3 | 2706000 | 512500 | 18.9 |
| | 16 | 10 | 57483750 | 52953402 | 92.1 |
| | 9 | 7 | 5630000 | 4961546 | 88.1 |
| | 15 | 9 | 2026778 | 1137898 | 56.1 |
| | 7 | 7 | 1237822 | 1032440 | 83.4 |
| | 8 | 6 | 1183440 | 1080000 | 91.3 |
| | 6 | 3 | 3011050 | 370000 | 12.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33274 | 2875794 | 2909068 | 1298798 | 1610270 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 48648844 | 48648844 | 48648844 | |
| മെറ്റീരിയൽസ് | - | 7282096 | 4282096 | 4282096 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7920 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 16,17,000 | 210 |
| വിധവാപെൻഷൻ | 87,55,800 | 1735 |
| വാർദ്ധക്യകാലപെൻഷൻ | 1,38,47,100 | 1197 |
| വികലാംഗപെൻഷൻ | 25,44,600 | 314 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,40,000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/12/21-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2961/-രൂപ (രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തി ഒന്ന് രൂപ മാത്രം.)ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല.2019-20 വർഷം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 20 തവണയും ക്ഷേമകാര്യ

സ്റ്റാന്റിങ്ങ് കമ്മിറ്റി 24 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 24 തവണയും വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 24 തവണയും യോഗം ചേർന്നു. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചു.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്.സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.
20-21 സാമ്പത്തിക വർഷം സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്തിട്ടില്ല. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നില്ല. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തി പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല.സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെടുത്തിയിട്ടില്ല.ട്രഷറി CFLTC അകൗണ്ട് (നം.799011400006136 ),ഡെഫേർഡ് സാലറി അകൗണ്ട് എന്നിവ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല.ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.
ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല.
വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.മിക്ക വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിലും കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

രശീതി കളക്ഷൻ രജിസ്റ്ററുകൾ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.രസീതി ബുക്ക് നം.33300,33303,33308,33309,33313 കളുടെ കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ കളക്ഷൻ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ മേൽ രസീതി ബുക്കുകൾ ഉപയോഗിച്ചു പിരിച്ചെടുത്ത തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല.

ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നു.2020-21 സാമ്പത്തിക വർഷം അകൗണ്ട് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥന്റ പരിചയക്കുറവ് മൂലം അകൗണ്ട് തയ്യാറാക്കിയപ്പോൾ വന്ന അപാകതകൾ മേൽ പരിശോധനക്കുറവ് മൂലമാണ് സംഭവിച്ചത്.

വിവിധ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. തയ്യാറാക്കിയവ വാർഷിക കണക്കുമായി യോജിക്കുന്നില്ല.

സർക്കാർ ഉത്തരവിനനുസരിച്ചുള്ള നികുതിയേതര വർദ്ധനവ് വരുത്തിയിട്ടില്ല-

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും

നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഇതനുസരിച്ച് മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ ഫീനിനങ്ങളിൽ വർദ്ധനവ് വരുത്തുകയോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

വരുമാനം വർദ്ധനവിനായി സ്വീകരിച്ച നടപടികൾ-

തനത് ഫണ്ട് ശുഷ്കമായ പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പുതിയ വരവിനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രായോഗിക വിശകലനങ്ങൾ നടന്നിട്ടില്ല.തൊഴിൽ നികുതിയിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 8,45,210/-രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വരുമാന ചോർച്ച സംബന്ധിച്ച ചർച്ചകൾ നടത്തിയിട്ടില്ല.ഗ്രാമപഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങളെ അടിസ്ഥാനമാക്കി സേവന ഉപനികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ കാപ്പിതോട്ടത്തിൽ നിന്നുള്ള ആദായം പിരിച്ചെടുക്കുന്നതിനുള്ള യാതൊരു ചർച്ചകളും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.ഘടനാ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്ക്കരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചെങ്കിലും തുടർ നടപടികൾ കൈകൊണ്ടിട്ടില്ല.

ബജറ്റ്

ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.ചിലയിനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് പത്രികയിൽ യഥാർത്ഥ ചെലവ് പ്രതിഫലിക്കുന്നില്ല-

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് കണക്കുകൾ ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തതിനാൽ ചെലവ് പത്രികയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടാതെ വരുന്നു. ഉദാ. കൃഷി ഓഫീസർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ചെലവുകൾ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2019 മുതൽ 21.06.2019 വരെ | 2018-19 | 21.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.05.2018 | 2012 – 2017 | 23.05.2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 03.07.2020 തിയ്യതിയിലെ 1/2020 നമ്പർ തീരുമാനപ്രകാരം ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ് വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.2018-19 വർഷത്തെ കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.) പി1-841/2019 നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ഉൾപ്പെടുത്തിയിരുന്ന വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

2.അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അകൗണ്ടിംഗ് കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

3.ബാലൻസ് ഷീറ്റിന്റെ B9 ഷെഡ്യൂളിലെ ലയബിലിറ്റി ഫോർ പ്രോഗ്രാം എന്ന ശീർഷകത്തിൽ(350800119) 4,500/-രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. ഉക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

4.തനത് ഫണ്ട് സൂക്ഷിക്കുന്ന കെ ജി ബി അകൗണ്ടിന്റെ (നം.9262)ബാങ്ക് റീക്കൺസിലിയേഷൻ പത്രിക പ്രകാരം പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകൾ ഇല്ല. എന്നാൽ കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിൽ 19,344/- രൂപ കാണിച്ചിട്ടുണ്ട്.ബാങ്ക് ബുക്കും വാർഷിക ധനകാര്യ പത്രികയും തമ്മിലുള്ള പൊരുത്തക്കേടിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

5.350800119 എന്ന ഹെഡ്ഡിൽ 4500/- രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട് ഈ തുക ഏതിനത്തിലുള്ളതാണെന്ന് വിശദീകരിക്കേണ്ടതാണ്.

6.തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7.കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)ജി) പ്രകാരം ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിപ്രീസിയേഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

8.ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ലോൺ | വാർഷിക ധനകാര്യ പത്രിക പ്രകാരം | ലോൺ രജിസ്റ്റർ പ്രകാരം |
|---|---|---|
| ഓപ്പറേറ്റീവ് ബാങ്ക് ലോൺ | 2,80,99,432 | 3,40,99,432 |
| KURDFC ലോൺ | 4,22,70,588 | 4,48,00,000 |

9.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10.ഡേ ബുക്ക് അതത് ദിവസം പ്രിന്റ് എടുത്ത് ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11.സ്ഥാപനത്തിൽ വരുന്ന എല്ലാ ചെക്കുകളും ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

12.ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഇനീഷ്യൽ ചെയ്യുന്നില്ല.

13.27/01/2020 തിയ്യതിയിൽ 1,53,720/-രൂപ കളക്ഷനുണ്ടെങ്കിലും 1,53,270/- രൂപ മാത്രമേ ബാങ്കിൽ വരവ് വന്നിട്ടുള്ളൂ. കുറവു വന്ന 450/- രൂപ അടവാക്കി അറിയിക്കേണ്ടതാണെന്ന് കാണിച്ച നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി ബാങ്കിന്റെ ഭാഗത്തു നിന്നുള്ള തെറ്റായ എന്ട്രി മൂലമാണിത് സംഭവിച്ചതെന്നും അപാകത പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

14.തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾക്ക് /സംയുക്ത പ്രോജക്റ്റിനുള്ള തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

15."Advance To Implementing Agencies" എന്ന ശീർഷകത്തിൽ 7,16,941/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

16.ബാലൻസ് ഷീറ്റിന്റെ B9 ഷെഡ്യൂൾ പ്രകാരം 602,398/-രൂപ മറ്റ് ബാദ്ധ്യതകൾ (350800299)എന്ന ശീർഷകത്തിൽ കാണിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാദ്ധ്യതകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്

17.B11(a) ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ 42,91,607/- രൂപയുണ്ട് എന്നാൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് കണക്കാക്കിയതിന്റെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് വെച്ചിട്ടില്ല.

18.കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം5(3) പ്രകാരം Cash Book ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

19.തനത് വരുമാനങ്ങളുടെ രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

20.ദൈനംദിനം രസീത് റദ്ദാക്കൽ പത്രിക പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

21. ജേണൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

22. വിവിധ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല-

ഉദാ.ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ.

23.സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല-

ഉദാ- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.ഡിമാന്റ് എൻട്രിക്ക് ആശ്രയിക്കാവുന്ന /സാധൂകരിക്കുന്ന രജിസ്റ്റർ ഇല്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ സാമ്പത്തീക വർഷാവസാനം സഞ്ചയയിൽ നിന്ന് പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

24.സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

25.വായ്പാ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

26. ബാലൻസ് ഷീറ്റിന്റെ B11 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കഴിഞ്ഞ വർഷത്തെ ഡിപ്രീസിയേഷൻ കുറയ്ക്കാതെയാണ് കണക്കാക്കിയിട്ടുള്ളത്.

27.തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരിലുള്ള ബാങ്ക് അകൗണ്ടുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിൽ 283,328/- രൂപ ബാലൻസ് ഉണ്ട് എന്നാൽ ഈ അകൗണ്ടിന്റെ ബാങ്ക് പാസ് ബുക്ക്, ബാങ്ക് ബുക്ക്,റിക്കൺസീലിയേഷൻ എന്നിവ ഹാജരാക്കിയിട്ടില്ല.

28.തൻ വർഷ ബാലൻസ് ഷീറ്റിലെ (Schedule B4)ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ,സംയുക്ത പ്രൊജക്ടിനുള്ള തുകകൾ, തനത് ഫണ്ടിനോടോപ്പം നിക്ഷേപിച്ചിട്ടുള്ള തുകകൾ എന്നിവയ്ക്ക് ACR സൂക്ഷിക്കാത്തതിനാൽ ഇതിന് തുല്യമായ തുക ബാങ്ക് അകൗണ്ടിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

29.EMDരജിസ്റ്ററിൽ തുക രേഖപ്പെടുത്താത്തതിനാൽ തൻ വർഷം EMD ഇനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നോ എത്ര രൂപ തിരികെ നൽകിയെന്നോ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

30.Sale Of Tender Form രജിസ്റ്ററിൽ വർഷം തിരിച്ച് ടെൻഡർ ഫോം ഇനത്തിലെ വരവ് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ടെൻഡർ ഫോം ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

31.ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ 1-6, വിവിധ ഗ്രാൻറ് ഇനങ്ങളിലുള്ള എ സി ആറുകളുമായി പൊരുത്തപ്പെടുന്നില്ല.

32.സ്ഥിര നിക്ഷേപ രസീതികളുടെ ഭൗതീക പരിശോധനയിൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B12 പ്രകാരമുള്ള സ്ഥിര നിക്ഷേപ കണക്കുമായി പൊരുത്തപ്പെടുന്നില്ലെന്ന് കണ്ടെത്തി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വാർഷിക ധനകാര്യ പത്രിക പ്രകാരം | ഭൗതീക പരിശോധനയിൽ കണ്ടെത്തിയത് | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| 52,79,028 | 5242,828 | 36,200 |

33.ബാലൻസ് ഷീറ്റിന്റെ B9 ഷെഡ്യൂളിലെ റീ ഫണ്ട് പേയബിൾ ടു അദേഴ്സ് എന്ന ശീർഷകത്തിൽ(350409901) 30,000/-രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട് തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/2020-21തീയതി 29.12.2021) വിശദീകരണം നൽകിയിട്ടുണ്ട്. പരിഹരിക്കാൻ ബാക്കിയുള്ള അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 കംഫർട്ട് സ്റ്റേഷൻ-ഡി റ്റി പി സിയ്ക്ക് സ്ഥലം വിട്ടു കൊടുത്തതിന്റെ രേഖകളും കരാറും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

മുപ്പൈനാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 18/10/2001 തിയ്യതിയിലെ 65/2001(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വടുവൻചാൽ ടൗണിലുള്ള റി സ നം.180/06 ൽപ്പെട്ട സ്ഥലത്ത് പേ&യൂസ് കംഫോർട്ട് സ്റ്റേഷൻ നിർമ്മിച്ച നൽകുന്നതിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനോട് ശുപാർശചെയ്യതിനെ തുടർന്ന് ജില്ലാകളക്ടർ ചെയർമാനായ ഡി റ്റി പി സിയുടെ 24/10/01 തിയ്യതിയിലെ ടി3-664/2001/DTPC നമ്പർ കത്ത് മുഖേന ഒരു ടോയ്ലെറ്റ് ബ്ലോക്കിന് 4,00,000/- രൂപ നിരക്കിൽ പേ&യൂസ് കംഫോർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് മേൽ സർവ്വേ നമ്പറിലുള്ള ഭൂമി ഡി റ്റി പി സി ക്ക് വിട്ടു നൽകുന്നതിന് അഭ്യർത്ഥിച്ചു. ഇതിന് മറുപടിയായി മുപ്പൈനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/11/2001 തിയ്യതിയിലെ കത്ത് മുഖേന എത്ര സെന്റ് ഭൂമി കൈമാറണമെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകുകയും 15/11/2001 തിയ്യതിയിലെ T3-664/99/DTPC നമ്പർ കത്ത് മുഖേന ഡി റ്റി പി സി യ്ക്ക് ടോയിലറ്റ് ബ്ലോക്ക് പണികഴിപ്പിക്കുന്നതിന് അഞ്ചുസെന്റ് സ്ഥലം വിട്ടു നൽകണമെന്നും ഇപ്രകാരം പണികഴിപ്പിക്കുന്ന ടോയ്ലെറ്റ് ബ്ലോക്കിൽ നിന്നും പിരിഞ്ഞു കിട്ടുന്ന പണം ഡി റ്റി പി സി യ്ക്ക് മുതൽ കൂട്ടേണ്ടതാണെന്നും കാണിച്ചുകൊണ്ട് ഡി റ്റി പി സി കത്തയച്ചു.ആയതിനുള്ള മറുപടിയായി 11/01/2002 തിയ്യതിയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൽ 15/11/2001 തിയ്യതിയിലെ 72-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള റി.സ. നം.180/06ൽപ്പെട്ട സ്ഥലം പേ& യൂസ് ടോയ്ലെറ്റ് നിർമ്മിക്കാൻ ഡി റ്റി പി സി ക്ക് വിട്ടു നൽകാൻ തീരുമാനിച്ചെന്നും റിലിംഗ്വിഷ്മെന്റ് ഫോം ഇതോടൊപ്പം സമർപ്പിക്കുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തും ഡി റ്റി പി സി യും തമ്മിൽ ഭൂമി വിട്ടുനൽകിയപ്പോൾ ഏർപ്പെട്ട കരാറോ ലേലതുക പങ്കുവെക്കുന്നതുമായി ബന്ധപ്പെട്ട കരാറോ, റിലിംഗ്വിഷ്മെന്റ് ഫോമിന്റെ പകർപ്പോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

റി സ നം.180/06ൽപ്പെട്ട അഞ്ചുസെന്റ് ഭൂമി വിട്ടുനൽകിയപ്പോൾ ഡി റ്റി പി സി യും പഞ്ചായത്തും തമ്മിൽ ഉണ്ടാക്കിയ കരാറും ലേലതുക പങ്കുവെക്കുന്നതുമായി ബന്ധപ്പെട്ട കരാറും കംഫർട്ട് സ്റ്റേഷൻ ലേലയിനത്തിൽ ഇതുവരെ പഞ്ചായത്തിന് പിരിഞ്ഞു കിട്ടിയ തുക സംബന്ധിച്ച വിവരങ്ങളും അറ്റകുറ്റപ്പണികൾക്ക് ചെലവായ തുകയുടെ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി ( നം. 10/2019-20/ 04/01/2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-13 തൊഴിൽ നികുതിയിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവ് വന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ മുഖ്യ ശ്രോതസ്സായ തൊഴിൽ നികുതിയിനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| 2018-19(രജിസ്റ്റർ പ്രകാരം) | 2019-20(രജിസ്റ്റർ പ്രകാരം) |
|---|---|
| 34,45, 150 | 25,99,940 |

ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ മാത്രം ഒരു വർഷം കൊണ്ട് 8,45,210/-രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിലുള്ള വരുമാന ചോർച്ചയുടെ കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം. 09/2019-20,20-21/ 27.12.2021) മറുപടിയിൽ വിംസ് ഹോസിപിറ്റലിൽ നിന്നുള്ള തൊഴിൽ നികുതിയിലാണ് കുറവ് വന്നതെന്നും മുൻ വർഷങ്ങളിൽ HRA,TA ഉൾപ്പെടെയുള്ള ശമ്പളത്തിന് ആനുപാതികമായിട്ടായിരുന്ന വിംസ് തൊഴിൽ നികുതി അടവാക്കിയിരുന്നതെന്നും സ്റ്റാഫിന്റെ എണ്ണത്തിൽ കുറവ് വന്നതും തൊഴിൽ നികുതിയിൽ കുറവ് വരാൻ കാരണമായെന്നും അറിയിച്ചിട്ടുണ്ട്. തനത് വരുമാനത്തിലുള്ള ചോർച്ച തടയാനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 കംഫർട്ട് സ്റ്റേഷൻ ലേലത്തുകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുത്തിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വട്ടവഞ്ചാൽ ബസ്സ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ 2,90,000/-രൂപയ്ക്ക് ലേലമുറപ്പിച്ച് ലേലം കൊണ്ടയാൾക്ക് ലേലത്തുകയുടെ പകുതി അടവാക്കിയതിന് ശേഷം ലേല നിബന്ധനകൾക്ക് വിരുദ്ധമായി കംഫർട്ട് സ്റ്റേഷൻ പ്രവർത്തനത്തിന് വിട്ടു നൽകുകയും ലേലം കൊണ്ടയാൾ ബാക്കി തുക അടവാക്കാതെ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് ഏറ്റെടുക്കുകയും ചെയ്തു. നാളിതുവരെ ബാക്കി ലേലത്തുക അടവാക്കിയില്ല. വിശദവിവരം ഖണ്ഡിക 2-1 ൽ കൊടുക്കുന്നു.

## 1-15 ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബദ്ധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതായിരുന്നു. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന 16 അംഗീകൃത കരാറുകാർ ഉണ്ട്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും നാളിതുവരെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തി വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു .

## 1-16 ഐ സി ഡി എസ് സൂപ്പർവൈസർ ക്വട്ടേഷൻ കൂടാതെ വാഹനം വാടകയ്ക്കെടുത്തു

2019-20 സാമ്പത്തീക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ അങ്കണവാടി പോഷകാഹാരം പദ്ധതിയ്ക്കുവേണ്ടി വിവിധ അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായുള്ള വാഹന വാടകയിനത്തിൽ സെന്റ് മേരീസ് ട്രാൻസ്പോർട്ട് എന്ന സ്ഥാപനത്തിന് പണം നൽകി. എന്നാൽ വാഹന വാടക ക്വട്ടേഷൻ വിളിക്കാതെയാണ് ഈ സ്ഥാപനത്തെ പോഷകാഹാര വിതരണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/2020-21/ 27.12.2021)മറുപടിയായി ക്വട്ടേഷൻ കൂടാതെയാണ് വാഹനം വാടകയ്ക്കെടുത്തതെന്നും വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ സ്ത്രീപദവി പഠനം പദ്ധതി ലക്ഷ്യം കണ്ടില്ല

മുപ്പൈനാട് ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ, കുടുംബത്തിലെയും സമൂഹത്തിലെയും ഇപ്പോഴത്തെ സാമൂഹിക പദവി കൃത്യമായി വിലയിരുത്തി വിവരശേഖരണം നടത്തി രേഖ തയ്യാറാക്കി ഇതിൽ കണ്ടെത്തിയ പ്രശ്നങ്ങളെ

പരിഹരിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി സ്ത്രീപഠന പദവി റിപ്പോർട്ടിനെ കാണുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭാവി സ്ത്രീവികസന പരിപാടികളുടെ ആസൂത്രണം വേഗത്തിലാക്കുന്നതിനുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പഠന റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിനും തുടർ പ്രവർത്തികൾ നടത്തുന്നതിനും വേണ്ടിയുള്ള കോ-ഓർഡിനേറ്റർക്കുള്ള ഹോണറേറിയം നൽകുന്നതിനും(30,000), ഡാറ്റ സൂക്ഷിക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ വാങ്ങുന്നതിനും (50,000)റിപ്പോർട്ട് പ്രിന്റിംഗിനുമാണ് (20,000)തുക വകയിരുത്തിയത്.പദ്ധതി വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ- 216/2019-20

പ്രോജക്ട്- സ്ത്രീപദവി പഠനം.

അടങ്കൽ - ₹ 1,00,000/-

ചെലവ് – ₹ 10,000/-

ചെക്ക് നമ്പർ-017959/09.01.2020

ഫണ്ടിനം- തനത് ഫണ്ട്.

എന്നാൽ ഈ പദ്ധതിയിലൂടെ വിവരശേഖരണം മാത്രമേ നടത്തിയിട്ടുള്ളൂ. പഠന റിപ്പോർട്ട് ക്രോഡീകരിക്കുകയോ പ്രിന്റ് ചെയ്യുകയോ ചെയ്യാത്തതിനാൽ പദ്ധതിക്കുവേണ്ടി തനതുഫണ്ടിൽ നിന്നും ചെലവഴിച്ച 10,000/-രൂപ പാഴായിപ്പോവുകയാണുണ്ടായത്. പദ്ധതി ലക്ഷ്യം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്. ചെലവ് തുക 10,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം. | പ്രവൃത്തികളുടെ പേര് | എം ബുക്ക് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക | ബിൽ നമ്പറും തീയതിയും |
|---|---|---|---|---|---|
| 1 | അമ്പലക്കുന്ന് അമ്മിണിയമ്മ നടപ്പാത കോൺക്രീറ്റ് | 109/19-20 | അബ്ദുൾ കലാം | 41700 | 109/4.3.20 |
| 2 | വടുവൻചാൽ ബസ് സ്റ്റോപ്പ് കോൺക്രീറ്റ് | 224/19-20 | ജോബിൻ കെ ജോസ് | 370789 | 2241/30.3.20 |
| 3 | അഞ്ചേക്ര ഡ്രൈനേജ് നിർമ്മാണം | | ബിനോജ് | 309464 | 414/21.2.20 |

| | | | | | |
|---|---|---|---|---|---|
| 4 | അരമംഗലം ചാൽ മംഗലാപുരം പാടി ഡ്രൈനേജ് നിർമ്മാണം | | അബ്ദുൾ കലാം | 226237 | 463/26.7.19 |
| 5 | വട്ടത്തുവയൽ ബംഗ്ലാവുകുന്ന റോഡ് കോൺക്രീറ്റ് | | എ വി ജോഷി | 122877 | 63/2.3.20 |
| 6 | അറുപത് റോഡ് കോൺക്രീറ്റ് | 116/19-20 | അബ്ദുൾ കലാം | 254997 | 466/9.3.20 |
| 7 | താഴെ അരപ്പറ്റ പതിനഞ്ച് പാടി ഡ്രൈനേജ് നിർമ്മാണം | | ബിനോജ് | 218842 | 4142/21.2.20 |
| 8 | തൊണ്ണൂറാം വയൽ ഡ്രൈനേജ് നിർമ്മാണം | 117/19-20 | ബിനോജ് | 289530 | 117/5.3.20 |
| 9 | അഞ്ചേക്ര മേലെ അരപ്പറ്റ റോഡ് കോൺക്രീറ്റ് | 123/19-20 | സി ഡി എസ് മൂപ്പൈനാട് | 399776 | 123/19.3.20 |
| 10 | ആപ്പാളം ഡ്രൈനേജ് നിർമ്മാണം | 420/18-19 | അസീസ് പി എ | 288647 | 426/2.7.19 |

മേൽ പറഞ്ഞ ആസ്തി നിർമ്മാണ പ്രവൃത്തികളുടെ ആദായ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 പെൺകുട്ടികൾക്ക് കായിക പരിശീലനം- കായികക്ഷമതാ റിപ്പോർട്ടും തുടർനടപടികളുമില്ല.

ഓഡിറ്റ് വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പെൺകുട്ടികളിൽ കായികക്ഷമത വളർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഫുട്ബോൾ പരിശീലനം നല്കൽ എന്ന പ്രോജക്ട് ആവിഷ്കരിച്ചത്.പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

പ്രോജക്ട് നമ്പർ-232/2019-2020

അടങ്കൽ-150000/-

ചെലവ്-149500/-

ബിൽ നമ്പർ-1/2019 തിയ്യതി 27-7-2019

മേൽ പ്രോജക്ട് പ്രകാരം റിപ്പൺ,സെന്റ് ജോസഫ് ചിത്രഗിരി,അരപ്പറ്റ സി.എം.എസ് എന്നീ സ്കൂളുകളിലെ പെൺകുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നല്കി കായികക്ഷമത വളർത്തുവാനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് 47 ദിവസത്തെ പരിശീലനം നല്കിയത്.ആയതിലേതിലേക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | കൈപ്പറ്റിയ തുക |
|---|---|
| സൽമാൻഫരീസ്.വി.പി. ട്രെയിനർ(47 ദിവസം പരിശീലനം നല്കിയത്) | 23500/- |
| അഫ്സൽ.എം.പി (ഉപകരണങ്ങളുടെ തുക) | 100000/- |
| യൂസഫ്.പി.ട്രെയിനർ(52 ദിവസം പരിശീലനം നല്കിയത്) | 26000/- |
| | 149500 |

ഏതൊരു കായികപരിശീലനവും കൃത്യമായ ലക്ഷ്യത്തോടെ ആസൂത്രണം ചെയ്താൽ മാത്രമേ അതിൽ നിന്ന് പ്രതിഭകൾ ഉയർന്നു വരികയുള്ളൂ.ഇവിടെ എത്ര കുട്ടികൾ സെലക്ഷൻ ട്രയൽസിൽ പങ്കെടുത്തു,എത്ര പേരെ തെരഞ്ഞെടുത്തു,അവരുടെ കായികക്ഷമതാ റിപ്പോർട്ട് ,അവർക്ക് പറ്റിയ സ്പോർട്സ് ഇനം ,അവരുടെ ബി.എം.ഐ(ബോഡി മാസ് ഇൻഡക്സ്)എന്നീ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയ വിവരങ്ങൾ ഫയലിലില്ല.ഓരോ കായികഇനങ്ങൾക്കുമുള്ള പേശീഘടനകൾ വ്യത്യസ്ഥമായതിനാൽ ആയത് അടിസ്ഥാനമാക്കി കുട്ടികളെ തരം തിരിച്ച് അതനുസരിച്ചുള്ള പരിശീലനം നല്കുന്ന ചാർട്ടുകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.നിലവിൽ ഈ പദ്ധതി തുടരാത്തതിനാൽ ഫണ്ട് പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി നം 6/4-1-2022 ന് മറുപടി

ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 1,49,500രൂപ തടസ്സം ചെയ്യുന്നു.

## 1-20 സംയുക്തപരിശോധനയില്ലാതെ പൊതുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നു

ഓഡിറ്റ് വർഷം സെക്രട്ടറിയുടെ പ്രോജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 68 പൊതുടാപ്പുകൾ ഉണ്ടെന്ന് രജിസ്റ്ററിൽ കാണുന്നു.ആയതിന് തുക വാട്ടർഅതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഒരു ടാപ്പിന് 5,250 രൂപ നിരക്കിൽ താഴെപ്പറയും പ്രകാരം അടവാക്കിയിട്ടുണ്ട്.

| പ്രോജക്ട് വിവരങ്ങൾ | ബിൽ നം/തിയ്യതി | തുക |
|---|---|---|
| പ്രോജക്ട് നം-3/20-21<br>അടങ്കൽ-357000<br>ചെലവ്-238000<br>ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ്.<br>നിർവ്വഹണം-സെക്രട്ടറി | 28/27-7-2019 | 29750 |
| | 33/27-7-2019 | 29750 |
| | 11/24-6-2020 | 29750 |
| | 35/20-09-2019 | 29750 |
| | 45/25-10-2019 | 29750 |
| | 47/11-12-2019 | 29750 |
| | 50/29-1-2020 | 29750 |
| | 52/25-2-2020 | 29750 |
| | 53/17-3-2020 | 29750 |
| | ആകെ | 267750 |

എന്നാൽ ടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയത് 9-2-2016 ലാണ്.യഥാർത്ഥത്തിൽ എത്ര ടാപ്പുകൾ

പ്രവർത്തനക്ഷമമാണ്,മേൽതുക യഥാർത്ഥത്തിൽ നല്കേണ്ടതാണോ എന്നത് പരിശോധിച്ചിട്ടില്ല.ഡിമാന്റ് നോട്ടീസിൽ താഴെ പ്പറയും പ്രകാരം പിഴ ചുമത്തിയതായി കാണുന്നു.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 8/4-1-2022ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ 267750 തടസ്സം ചെയ്യുന്നു.

## 1-21 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്ത് 2019-20 വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അവയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്. പൊതുവായ ന്യൂനതകൾ താഴെപ്പറയുന്നു.

1) 2019-20 വർഷം 1.4.2019 മുതൽ 31.12.2019 വരെകാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

2) വർക്ക് ഫയലുകളിൽ നോട്ട് ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ
നോട്ട് ഫയലിൽ ഒപ്പിടുന്നില്ല.

3) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ ലൊക്കേഷൻ മാപ്പുകൾ സൂക്ഷിക്കുന്നില്ല.ചെയിനേജ് ഇല്ലാത്തതിനാൽ ഓരോ റോഡിലും എവിടെ പ്രവൃത്തി നടത്തിയെന്ന് കണ്ടെത്താനാകുന്നില്ല.

4) കുടിവെള്ള വിതരണ പദ്ധതികളിൽ (അവയുടെ പുനരുദ്ധാരണ പദ്ധതികളിലും) സ്ഥലം വിട്ടുകിട്ടിയതിന്റെയും അത് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആക്കിയതിന്റെയും രേഖകളില്ല.പദ്ധതി നടപ്പിലാക്കുന്ന സ്ഥലത്തിന്റെ കൃത്യമായ ലൊക്കേഷൻ സ്കെച്ച്, കിണർ - പമ്പ് ഹൗസ് - ടാങ്ക് എന്നിവയുടെ സ്ഥാനം, പൈപ്പ് ലൈൻ വിന്യാസം എന്നിവയുടെ രൂപരേഖ എന്നിവയൊന്നും ഫയലിൽ ഇല്ല.

5) പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല. എഗ്രിമെന്റ് വ്യവസ്ഥകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ തിയ്യതി/കരാർ കാലയളവ് എന്നിവ രേഖപ്പെടുത്തുന്നില്ല. തൻവർഷം .

6) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

7) പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്ട് രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് വിശദമായ കുറിപ്പുകളോ വിവരങ്ങളോ രേഖപ്പെടുത്തി കാണുന്നില്ല. ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ പദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

8)മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സാകുന്നുണ്ട്.

9) ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു. ആയതിനാൽ ചെലവഴിച്ച തുകകൾ പ്രയോജനപ്രദമാകുന്നില്ല എന്ന് കാണുന്നു. സാധ്യമാകുന്നത്ര റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

അപാകതകൾ ഭാവിയിൽ പരിഹരിക്കേണ്ടതാണ്.

## 1-22 EMD രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാരുടെ ഇഎംഡി തുക ടെണ്ടർ രജിസ്റ്ററിൽ തന്നെയാണ് ചേർത്തിട്ടുള്ളത്. EMD രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. EMD രജിസ്റ്റർ സൂക്ഷിക്കാത്തിനാലും.ടെണ്ടർ രജിസ്റ്ററിൽ നിരതദ്രവ്യം ഒടുക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാലും,നിരതദ്രവ്യമായി ലഭിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-23 പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കാതെ വാങ്ങലുകൾ നടത്തി

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ഉള്ള മാർഗ്ഗ രേഖ (Go(p) No 259/2010/LSGD Dtd 8.11.10 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതല ആണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ.രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ഉചിതമായ തീരുമാനമെടുത്ത്

ശുപാർശ നൽകൽ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ ചുമതല ആണ്. എന്നാൽ വെറ്റിനറി സർജൻ നടത്തിയ താഴെ പറയുന്ന വാങ്ങലുകൾ പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

| പ്രോജക്റ്റ് പേര്, നം | ചെലവ് തുക | ബിൽ നം |
|---|---|---|
| മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ 43/2020 | 150000 ( MG Non Road) | 2/19-20/19.11.19 |
| പട്ടിക വർഗ്ഗ അയൽക്കൂട്ട വനിത ഗ്രൂപ്പ് ആട് ഗ്രാമം പദ്ധതി 136/20 | 50000(TSP) | 6/19-20/30.3.20 |

## 1-24 അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല

ഓഡിറ്റ് വർഷം വി ഇ ഒ യുടെ പ്രോജക്റ്റ് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

ലൈഫ് സമ്പൂർണ്ണ പാർപ്പിടപദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻകൂറായും അല്ലാതെയും തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിവരങ്ങൾ | ബിൽ നം/തിയ്യതി/തുക | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ ഗുണഭോക്താവ് |
|---|---|---|---|
| പ്രോജക്റ്റ് നം-82/19-20 അടങ്കൽ-4560000/- ചെലവ്-45400000/- ഫണ്ട്- ജനറൽ | 19/19-2-2020 /280000/- | 40000/19-2-10 | ശ്രീ.മജീദ് |
| പ്രോജക്റ്റ് നം-227/19-20 | 14/4-1-20 /440000/- | 40000/6-1-20 | ശ്രീമതി .മിനി.എസ്. |

| | | | | |
|---|---|---|---|---|
| അടങ്കൽ-4400000/- ചെലവ്-45400000/- ഫണ്ട്-എസ്.സി.പി | | 160000/30-6-2020 | | |

മേൽ ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടില്ല.ആയതിന് വിശദീകരണം നൽകേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 9/4-1-2022ക്ക് മറുപടി ലഭിച്ചില്ല.അപാകതയുടെ അടിസ്ഥാനത്തിൽ നൽകിയ തുക ധനസഹായം തടസ്സപ്പെടുത്തുന്നു.

## 1-25 വിനിയോഗവിവരങ്ങൾ ലഭ്യമല്ല

താഴെപ്പറയുന്ന തുകകൾ വിവിധ വകുപ്പുകൾക്ക് കൈമാറിയെങ്കിലും നാളിതുവരെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | തുക കൈപ്പറ്റിയത് | തുക | ബിൽനം/തിയ്യതി | അപാകത |
|---|---|---|---|---|
| പ്രോജക്ട് നമ്പർ-10/19-20 അടങ്കൽ-100000 ചെലവ് -100000 ഫണ്ട് -ജനറൽ | ഐ.കെ.എം വിഹിതം | 1,00,000 | 37/20-9-2019 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| പ്രോജക്ട് നമ്പർ-7/19-20 അടങ്കൽ-100000 ചെലവ് | എസ്.എസ്.എ | 1,00,000 | 38/12-9-2019 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |

| | | | | |
|---|---|---|---|---|
| -100000<br>ഫണ്ട്<br>-എസ്.സി.പി | | | | |
| പ്രോജക്ട് നമ്പർ-6/19-20<br>അടങ്കൽ-214000<br>ചെലവ് -214000<br>ഫണ്ട് -ജനറൽ | എസ്.എസ്.എ | 2,14,000 | 40/12-9-2019 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| പ്രോജക്ട് നമ്പർ-8/19-20<br>അടങ്കൽ-100000<br>ചെലവ് -100000<br>ഫണ്ട് -ടി.എസ്.പി | എസ്.എസ്.എ | 1,00,000 | 39/12-9-2019 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| പ്രോജക്ട് നമ്പർ-149/19-20<br>അടങ്കൽ-150000<br>ചെലവ് -150000<br>ഫണ്ട് -തനത് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നല്കിയത് | 1,50,000 | ബിൽ നം-51900981/13-3-20 | ചെല്ലങ്കോട് പ്രദേശത്ത് വന്യമൃഗസംരക്ഷണത്തിന് പൊതുകമ്പിവേലി സ്ഥാപിക്കുന്നതിന് വനംവകുപ്പിന് ഡെപ്പോസിറ്റ് ആയി കൈമാറിയെങ്കിലും നാളിതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല.12-10-2021 നമ്പർ A2-629/2021 കത്ത് പ്രകാരം വിനിയോഗ സാക്ഷ്യപത്രം അനുവദിച്ചുതരണമെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നല്കിയെങ്കിലും നാളിതുവരെ അനുവദിച്ചു കിട്ടിയില്ല. |

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 8/4-1-2022ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ വിവിധഏജൻസികൾക്ക് നല്കിയ തുക തടസ്സം ചെയ്യുന്നു.

## 1-26 യാത്രാമുൻകൂർ ക്രമീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റ് വർഷം തനത് ഫണ്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തുപോകുവാനുള്ള യാത്രക്കായി താഴെപ്പറയുന്ന മെമ്പർമാരും, ജീവനക്കാരും യാത്രപ്പടി മുൻകൂർ കൈപ്പറ്റിയെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ ആയത് ക്രമീകരിച്ചതായി കാണുന്നില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർനമ്പർ/തിയ്യതി | തുക | കൈപ്പറ്റിയ വ്യക്തി/ഔദ്യോഗികപദവി |
|---|---|---|
| 21900294/22-6-19 | 1900 | ശ്രീ.സുഹൈൽ.ക്ളർക്ക് |
| 21900784/20-1-20 | 2000 | ശ്രീമതി.യമുന,പ്രസിഡന്റ് |
| 21900785/20-1-20 | 2000 | ശ്രീ.കാപ്പൻ ഹംസ,വൈസ് പ്രസിഡന്റ് |
| 21900786/20-1-20 | 2000 | ശ്രീമതിപ്രതിഭ,ചെയർമാൻ |
| 21900787/20-1-20 | 1500 | ശ്രീ.ഷായിബാൻ,മെമ്പർ |
| 21900788/20-1-20 | 1500 | ശ്രീ.സജീവ്.കുമാർ ക്ളർക്ക് |
| 21900806/24-1-20 | 1500 | ശ്രീ.റഫീഖ് എ.കെ.മെമ്പർ |
| ആകെ | 12400 | |

കൂടാതെ 4-12-2019 ന് ശേഷം മുൻകൂർ രജിസ്റ്റർ എഴുതിയിട്ടില്ല.അപാകതക്ക് വിശദീകരണം നൽകേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 7/4-1-2022 ക്ക് മറുപടി നല്കിയിട്ടില്ല.മുൻകൂർ കൈപ്പറ്റിയതിനുശേഷം മൂന്നു മാസത്തിനുള്ളിൽ യാത്രപ്പടിബില്ലിൽ ക്രമീകരിക്കേണ്ടതും അല്ലെങ്കിൽ 18 % പലിശയോട് കൂടി തിരിച്ചു പിടിക്കേണ്ടതാണെന്ന് കേരളാ ഫിനാൻഷ്യൽ കോഡ് വ്യവസ്ഥ ചെയ്യുന്നു.ആയതിനാൽ മേൽ വ്യക്തികളിൽ നിന്ന് മുൻകൂർ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

# ഭാഗം -2

## 2-1 കംഫർട്ട് സ്റ്റേഷൻ ലേലത്തുകയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുത്തിട്ടില്ല.

14/02/2019 തിയ്യതിയിലെ A3-10271/19 നമ്പർ ലേല നോട്ടീസ് പ്രകാരം വട്ടവഞ്ചാൽ കംഫർട്ട് സ്റ്റേഷൻ ലേല പരസ്യം നൽകിയിട്ടുള്ളതും 23/02/19 തിയ്യതിയിലെ ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച ശ്രീ.അലവിക്കുട്ടി.പി.കെ, പട്ടാണിത്തൊടി എന്നയാൾക്ക് 2,90,000/-രൂപയ്ക്ക് ലേലമുറപ്പിച്ച് അന്നേ ദിവസം തന്നെ ലേലത്തുകയുടെ പകുതി അടവാക്കിയിട്ടുള്ളതുമാണ്. ലേല നിബന്ധന പ്രകാരം ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ച ഉടനെ ബാക്കിയുള്ള ലേലത്തുക അടവാക്കേണ്ടതും 200/- രൂപ മുദ്രപത്രത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 2019 മാർച്ച് 31 ന് മുൻപായി കരാറിൽ ഏർപ്പെടേണ്ടതും അല്ലാത്തപക്ഷം ഇ എം ഡിയും ലേലത്തുകയുടെ പകുതിയും ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. ഭരണസമിതിയുടെ 11/04/2019 തിയ്യതിയിലെ 06/19-20 തീരുമാനപ്രകാരം ലേലം അംഗീകരിക്കുകയും ബാക്കി തുക അടവാക്കി കരാറിൽ ഏർപ്പെടുന്നതിന് 13/05/2019 തിയ്യതിയിലെ A3 1886/19 നമ്പർ കത്ത് മുഖേന ശ്രീ.അലവിക്കുട്ടി.പി.കെ യെ അറിയിച്ചെങ്കിലും ടിയാൻ ലേലത്തുക അടവാക്കുകയോ എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. കരാറിൽ ഏർപ്പെടാനും ലേലത്തുക അടവാക്കാനുമുള്ള സെക്രട്ടറിയുടെ നിരന്തരമായുള്ള അഭ്യർത്ഥനയ്ക്ക് മറുപടിയായി മാസങ്ങളായി സ്ഥാപനത്തിൽ നിന്നും ലേലത്തുകയുടെ

പകുതിപോലും പിരിഞ്ഞു കിട്ടിയിട്ടില്ലെന്നും സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയാണെന്നും കാണിച്ചുകൊണ്ട് 12/11/2019 തിയ്യതിയിൽ ശ്രീ.അലവിക്കുട്ടി.പി.കെ മറുപടി നൽകി. ലേലനിബന്ധന പ്രകാരം ലേലത്തുക അടവാക്കി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിന് വിട്ടുകൊടുക്കാൻ പാടുള്ളൂ. എന്നാൽ ലേലനിബന്ധനകൾക്ക് വിരുദ്ധമായി കംഫർട്ട് സ്റ്റേഷൻ ലേലത്തുക അടവാക്കുകയോ എഗ്രിമെന്റ് വെക്കുകയോ ചെയ്യാത്തയാൾക്ക് സ്ഥാപന നടത്തിപ്പ് വിട്ടുകൊടുത്തതിനാൽ ഗ്രാമപഞ്ചായത്തിന് 150,000/- രൂപ നഷ്ടം വന്നു.ലേല നിബന്ധന പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി 2019 മാർച്ച് 31 ന് മുൻപായി ലേലംകൊണ്ടയാൾ കരാറിൽ ഏർപ്പെടേണ്ടതാണെങ്കിലും ഭരണസമിതിയുടെ 11/04/2019 തിയ്യതിയിലെ 06/19-20 തീരുമാനപ്രകാരം മാത്രമാണ് ലേലം അംഗീകരിച്ചിട്ടുള്ളത്.അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/2019-20/ 31.12.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലത്തുകയിനത്തിൽ പിരിഞ്ഞു കിട്ടാൻ ബാക്കിയുള്ള 150,000/-രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1954650 | 1)ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>2) ലൈഫ് ഭവന പദ്ധതി (ജനറല്)<br>3) ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1813650 | 141000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 5760000 | 1. 1)ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>2. ഭിന്നശേഷി ബാലസഭ കലോൽസവവും പഠന ക്യാമ്പുകളും<br>2) ലൈഫ് ഭവന പദ്ധതി<br>3) ലൈഫ് ഭവന പദ്ധതി (എസ്.സി.പി)<br>4)ലൈഫ് ഭവന പദ്ധതി (ടി.എസ്.പി) | 5500000 | 260000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഫോറസ്റ്റ് | ചെല്ലങ്കോട് ഫെൻസിംഗ് | 150000 | 0 | 150000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി വായ്പാ തിരിച്ചടവ് | | 3,90,99,432 | 3,90,99,432 | 50,00,000 | | 3,40,99,439 |
| ഹഡ്കോ ലോൺ (ലൈഫ്) | | 2,28,04,133 | - | - | | 2,28,04,133 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 40,48,802 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 10,00,000 |
| ആകെ | 50,48,802 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | 50,48,802 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വടുവൻചാല് | 20.02.2019 | 181 ദിവസം | 1149430/- | |
| 2 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വടുവൻചാൽ | 07.03.2019 | 181 ദിവസം | 498271/- | |
| 3 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വടുവൻചാൽ | 03.05.2019 | 181 ദിവസം | 680766/- | |
| 4 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വടുവൻചാൽ | 26.02.2019 | 1 വർഷം | 425615/- | |

| | | | | | |
|---|---|---|---|---|---|
| 5 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വട്ടവൻചാൽ | 10.07.2019 | 181 ദിവസം | 1294720/- | |
| 6 | വട്ടവൻചാൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 30.03.2019 | 1 വർഷം | 500000/- | |
| 7 | വട്ടവൻചാൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 13.02.2020 | 1 വർഷം | 500000/- | |
| ആകെ | | | | 5048802 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-18 | 3(3) | 4980 | ഷഹർബാൻസൈതലവി, മുൻ ജനപ്രതിനിധി | 120030102160 തീയതി. 30.11.2020 |
| 2014-15 | 3(1) | 1726 | സുനിത ജയിംസ്, മുൻ ജനപ്രതിനിധി | 120030101933 തീയതി. 17.11.2020 |
| 2014- 15 | 3(1) | 3453 | സി.പി രാജീവന്, മുൻ ജനപ്രതിനിധി | 120030101909 തീയതി. 16.11.2020 |
| 2014-15 | 3(1) | 5179 | യശോദ ചന്ദ്രൻ, മുൻ ജനപ്രതിനിധി | 120030101907, തീയതി. 16.11.2020 |
| 2014-15 | 3(1) | 1726 | വത്സജോർജ്ജ്, മുൻ ജനപ്രതിനിധി | 120030101905 തീയതി. 16.11.2020 |
| 2015-16 | 3(3) | 4980 | ആർ.യമുന, മുൻ ജനപ്രതിനിധി | 120030101828 തീയതി. 12.11.2020 |
| 2015-16 | 3(1) | 9380 | അജിത ചന്ദ്രൻ, മുൻ ജനപ്രതിനിധി | 120030101824 തീയതി. 12.11.2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3.11 | 2006-07 | 3.90.1 | ജെ.ജി.എസ്.വൈ പ്രവൃത്തി പൂർത്തീകരിച്ചില്ല | ഓഡിറ്റിന് മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,08,95,345 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,16,39,107 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,50,000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,331,250 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,50,000 | | രാമചന്ദ്രൻ.കെ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 10,000 | സുമിത എസ്,ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-19 | 1,49,500 | ഉഷ പി.ആർ,ഹെഡ് മാസ്റ്റർ |
| 1-20 | 2,67,750 | സെക്രട്ടറി, രാമചന്ദ്രൻ.കെ |
| 1-24 | 2,40,000 | വി ഇ ഒ, സജിത്കുമാർ.കെ |
| 1-25 | 6,64,000 | 2.5ലക്ഷം രാമചന്ദ്രൻ.കെ, സെക്രട്ടറി 414000 ഉഷ പി.ആർ, ഹെഡ്മിസ്ട്രസ് |
| ആകെ | 1,331,250 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാമചന്ദ്രൻ.കെ<br>സെക്രട്ടറി | ചന്ദ്ര ഹൗസ്, കല്ലിക്കെണി, ചെല്ലങ്കോട് പി.ഒ | ചന്ദ്ര ഹൗസ്, കല്ലിക്കെണി, ചെല്ലങ്കോട് പി.ഒ |
| | | |
| | | |
| | | |
| | | |
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-2001 | LF(W)P3-99/2003 Dtd. 18.04.2005 |
| 2001-02 | LF(W)P1-112/2009 Dtd. 03.02.2009 |
| 2002-03 | LF(W)P1-241/05 Dtd. 05.01.2008 |
| 2003-04 | LF(W)P1-1226/09 Dtd. 04.02.2009 |
| 2004-05 | LF(W)P1-1225/09 Dtd. 04.02.2009 |
| 2005-06 | LF(W)P1-867/11 Dtd. 29.12.2011 |
| 2006-07 | LF(W)P1-868/12 Dtd. 05.07.2012 |
| 2007-08 | LF(W)P1-947/12 Dtd. 02.02.2011 |
| 2008-09 | LF(W)P1-893/2011(1) Dtd. 26.03.2013 |
| 2009-10, 2010-11 | LF(W)P1-700/2011(1) Dtd. 18.05.2015 |
| 2011-12, 2012-13 | LF(W)P1-678/2014 Dtd. 19.02.2015 |
| 2013-14 | KSA (WYD)P1-398/2015 Dtd. 13.04.2018 |
| 2014-15 | KSA (WYD)P1-483/2016 Dtd. 04.04.2017 |
| 2015-16 | KSA (WYD)P1-753/20116 Dtd. 31.03.2016 |
| 2016-17 | KSA (WYD)P1-580/17 Dtd. 06.05.2019 |
| 2017-18 | KSA (WYD) P1-1011/18 Dtd. 14.11.2019 |
| 2018-19 | KSA (WYD) P1-841/19 Dtd. 05.12.2019 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

...

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്